

# സമ്പൂർണ്ണകൃതികൾ: ഭാഗം IV

കെ. ദാമോദരൻ



## 23. ബ്രീട്ടീഷ് ഭരണം

## സമ്പൂർണ്ണകൃതികൾ: ഭാഗം IV

**കെ. ദാമോദരൻ**

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


23 ബ്രിട്ടീഷ് ഭരണം . . . . . . . . . . . . . . . . . . . . . . . 1

1 കച്ചവടത്തിൽ നിന്ന് ആക്രമണങ്ങളിലേക്ക് . . . . . . . . . 3

2 പുതിയ കൈയ്യേറ്റക്കാരുടെ സവിശേഷത . . . . . . . . . . . . . 4

3 ഈ വ്യത്യാസത്തിനു കാരണമെന്താണ്? . . . . . . . . . . 5

4 പഴയ വ്യവസ്ഥയുടെ തകർച്ച . . . . 6

5 ഇംഗ്ലണ്ടിലെ വ്യവസായവിപ്ലവം . . . 7

6 ഇന്ത്യൻ വ്യവസായത്തിന്റെ തകർച്ച . 8

7 മാറ്റം സർവ്വത്ര . . . . . . . . . . . . 9

# 23

# ബ്രിട്ടീഷ് ഭരണം

ഔറംഗസീബിന്റെ മരണത്തിനുശേഷം മുഗൾ സാമ്രാജ്യം ഛിന്നഭിന്നമായി. പേരിന് ചില മുഗൾ ചക്രവർത്തിമാർ ഡൽഹിയിൽ വാണിരുന്നുവെന്നത് ശരിയാണ്. പക്ഷേ, മുഹമ്മദ് ഷാ, അഹമ്മദ് ഷാ, ആലംഗീർ രണ്ടാമൻ, ഷാ ആലം രണ്ടാമൻ, അക്ബർ രണ്ടാമൻ, ബഹദ്ദൂർഷാ രണ്ടാമൻ മുതലായ 'ചക്രവർത്തി'മാർ യഥാർത്ഥത്തിൽ വെറും പാവരാജാക്കൻമാർ മാത്രമായിരുന്നു. അവർക്ക് പഴയ ധാടിയും പ്രതാപവും ഉണ്ടായിരുന്നില്ല. അവരുടെ ഭരണകാലത്ത് സാമ്രാജ്യത്തിന്റെ വിസ്തൃതി അടിക്കടി കുറഞ്ഞുവന്നു. സ്വതന്ത്രന്മാരായിത്തീർന്ന രാജാക്കൻമാരും സുൽത്താൻമാരും പഴയ മുഗൾ ഗവർണർമാരും സ്വന്തം അധികാരം ഉറപ്പിക്കാൻവേണ്ടി പരസ്പരം പടവെട്ടിക്കൊണ്ടിരുന്നു. യുദ്ധങ്ങളും കൊള്ളകളും ക്ഷാമങ്ങളും കുഴപ്പങ്ങളും സാമ്പത്തിക തകർച്ചയും അരാജകത്വവും ഇടവിടാതെ നടമാടിക്കൊണ്ടിരുന്നു. വിദേശീയ ശക്തികൾക്ക് തങ്ങളുടെ മേധാവിത്വമുറപ്പിക്കാൻ പറ്റിയ പരിതഃസ്ഥിതികളായിരുന്നു ഇവ. മാർക്സ് എഴുതുകയുണ്ടായി:

> 'ഇന്ത്യയിൽ ബ്രിട്ടീഷ് മേധാവിത്വം സ്ഥാപിതമാവാനിടവന്നതെങ്ങനെയാണ്? മഹാനായ മുഗൾചക്രവർത്തിയുടെ പരമാധികാരശക്തിയെ മുഗൾവൈസ്രോയിമാർ തകർത്തു. വൈസ്രോയിമാരുടെ ശക്തിയെ മഹാരാഷ്ട്രക്കാർ തകർത്തു. മഹാരാഷ്ട്രക്കാരുടെ ശക്തിയെ അഫ്ഗാൻകാർ തകർത്തു. എല്ലാവരും എല്ലാവർക്കുമെതിരായി സമരം ചെയ്തുകൊണ്ടിരുന്ന സന്ദർഭത്തിൽ ബ്രിട്ടീഷുകാർ ചാടിവീഴുകയും എല്ലാവരേയും കീഴടക്കുകയും ചെയ്തു. മുസ്ലീമും ഹിന്ദുവും തമ്മിൽ മാത്രമല്ല, ഗണവും ഗണവും തമ്മിലും ജാതിയും ജാതിയും തമ്മിലും വിഭജനങ്ങൾ നിലനിർത്തിപ്പോന്ന ഒരു രാജ്യം, ജനങ്ങൾ തമ്മിൽതമ്മിലുള്ള നിയമവിധേയമായ അകൽച്ചയുടേയും പൊതുവിൽ പരന്നുപിടിച്ച വെറുപ്പിൻറേയും ഫലമായി നിലനിന്നിരുന്ന ഒരുതരം സമനിലയുടെ അടിസ്ഥാനത്തിലുള്ളൊരു ചട്ടക്കൂടോടുകൂടിയ ഒരു സമുദായം — ഇത്തരമൊരു രാജ്യവും സമുദായവും ആക്രമണത്തിനിരയാവുകയെന്നതു സ്വാഭാവികം മാത്രമല്ലേ?'

## 1 കച്ചവടത്തിൽ നിന്ന് ആക്രമണങ്ങളിലേക്ക്

വിദേശീയർ വരുന്നതിനുമുമ്പുതന്നെ ഇന്ത്യയിൽ ദേശീയ മുതലാളിത്തത്തിന്റെ പ്രാരംഭഘട്ടങ്ങൾ പ്രത്യക്ഷപ്പെട്ടാൻ തുടങ്ങിയിരുന്നെന്ന് മുമ്പൊരധ്യായത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടല്ലോ. എന്നാൽ, ആ പുതിയ മുതലാളിത്ത ഘടകങ്ങൾക്ക് യോജിക്കാനും ശക്തി സംഭരിക്കാനും രാഷ്ട്രീയാധികാരം കൈക്കലാക്കാനും കഴിയുന്നതിനു മുമ്പ്, കൂടുതലുയർന്ന സാമ്പത്തിക നിലവാരത്തിലെത്തിയ വിദേശരാഷ്ട്രങ്ങൾ ഇന്ത്യയെ ആക്രമിച്ചു. സാമ്പത്തികവും രാഷ്ട്രീയവുമായ മേധാവിത്വത്തിനുവേണ്ടി ആ വിദേശശക്തികൾ — പോർത്തുഗീസുകാരും ഡച്ചുകാരും ഫ്രഞ്ചുകാരും ബ്രിട്ടീഷുകാരും — തമ്മിൽതമ്മിൽ, ചിലപ്പോൾ നേരിട്ടും ചിലപ്പോൾ ഏതെങ്കിലും ചില നാട്ടുവാഴി രാജാക്കന്മാരുടെ ഭാഗംപിടിച്ചും അനേകം യുദ്ധങ്ങൾ നടത്തി. ബ്രിട്ടീഷുകാരാണ് അവസാനം ജയിച്ചത്.

അങ്ങനെ കച്ചവടം ചെയ്യാൻ വന്നവർ ഇന്ത്യയുടെ ഭരണാധികാരികളായി മാറി. മനുഷ്യസമുദായത്തിലെ അഞ്ചിലൊരുഭാഗം വരുന്ന ഇന്ത്യാക്കാർ ബ്രിട്ടീഷുകാരുടെ ചവിട്ടടിയിലായി! ബ്രിട്ടീഷുകവി കിപ്ലിംഗ് ഒരു കവിതയിൽ ഇങ്ങനെ ആഹ്ലാദിച്ചു:

> ‘ഒരിക്കൽ ഇരുന്നൂറുകൊല്ലങ്ങൾക്കു മുമ്പ് വിനയവും മെരുക്കവുമുള്ള കച്ചവടക്കാരൻ വന്നു; അവന്റെ ഭയപ്പാടോടുകൂടിയ കാലടികൾ കൊണ്ടു ചെന്നേടത്തുമാത്രം അവൻ നിന്നു; ഒടുവിൽ വെറും കച്ചവടം സാമ്രാജ്യമായി വളർന്നു...’

പക്ഷേ, വാസ്തവത്തിൽ വെറും കച്ചവടമാണോ സാമ്രാജ്യമായി വളർന്നത്? തീർച്ചയായുമല്ല. ഭീകരമായ യുദ്ധങ്ങൾ, നെറികെട്ട കൊള്ളകളും കൊലകളും, നിർലജ്ജമായ കൈക്കൂലികളും വഞ്ചനകളും — ഇതെല്ലാം ലോഭം കൂടാതെ ഉപയോഗിച്ചുകൊണ്ടാണ് ബ്രിട്ടീഷുകാർ ഇന്ത്യയിൽ തങ്ങളുടെ അധികാരം സ്ഥാപിച്ചത്.

എന്തായിട്ടും ഇന്ത്യയെ കീഴടക്കുക അത്ര എളുപ്പമൊന്നുമായിരുന്നില്ല. പല ഭരണാധികാരികളും ബ്രിട്ടീഷുകാരുടെ മേധാവിത്വമംഗീകരിക്കാൻ കൂട്ടാക്കാതെ ചെറുത്തുനിന്നു. അവരിലൊരാളായിരുന്നു ബംഗാളിലെ മുൻഗവർണറായിരുന്ന സിറാജ്ദൗള. ബ്രിട്ടീഷുകാർ വലിയൊരു സൈന്യം സജ്ജീകരിച്ച് ക്രിസ്ത്വബ്ദം 1757-ൽ സിറാജുമായി യുദ്ധം പ്രഖ്യാപിച്ചു. പ്ലാസ്സിയിലെ യുദ്ധം എന്നപേരിലാണതറിയപ്പെടുന്നത്. സിറാജ് അനിതരസാധാരണമായ ധീരതയോടെ ബ്രിട്ടീഷുകാരെ നേരിട്ടു. പക്ഷേ, ഫലമുണ്ടായില്ല. ശത്രുക്കൾ സിറാജിന്റെ പടനായകന്മാരിലൊരാളായ മിർജാഫറെ കൈക്കൂലികൊടുത്തു വശത്താക്കി. അയാളുടെ സഹായത്തോടുകൂടിയാണ് ബ്രിട്ടീഷുകാർ പ്ലാസിയിൽ വിജയിച്ചത്.

പ്ലാസിയിലെ വിജയം ബ്രിട്ടീഷുകാരുടെ നെഞ്ചൂക്ക് വർദ്ധിപ്പിച്ചു. ഏറെകഴിയുന്നതിന് മുമ്പായി ബംഗാളും ഒറീസയും കിഴക്കൻതീരവും അവരുടെ അധീനതയിലാക്കി. 1799-ൽ മൈസൂരിലെ കീഴടങ്ങാൻ കൂട്ടാക്കാത്ത ധീരനായ ടിപ്പുസുൽത്താനെ അവർ തോൽപ്പിച്ചുവീഴ്ത്തി. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭമായപ്പോഴേക്കും അവർ ഡൽഹിയുടെ പടിവാതിൽക്കളോളമെത്തി. 1818-ൽ അവർ ഇന്ത്യയുടെ ഒരു വലിയ ഭാഗത്തിന്റെ അധിപതികളായിത്തീർന്നു. ഭീരുക്കളായ ചില രാജാക്കൻമാരും സാമന്തൻമാരും യുദ്ധം കൂടാതെ അവർക്ക് കീഴടങ്ങി. എന്നാൽ അപ്പോഴും അവിടെയും ഇവിടെയും ചിലർ കീഴടങ്ങാൻ കൂട്ടാക്കാതെ ചെറുത്തുനിൽക്കുകതന്നെ ചെയ്തു. പക്ഷേ, ഫലമൊന്നുമുണ്ടായില്ല.

## 2 പുതിയ കൈയ്യേറ്റക്കാരുടെ സവിശേഷത

ക്രിസ്തുവിന്റെ അനുയായികൾ ഇന്ത്യയിലാദ്യമായി വന്നത് പതിനാറാം നൂറ്റാണ്ടിലെ വിദേശീയ വ്യാപാരികളുടെ വരവോടുകൂടിയല്ല. ക്രിബ്ദം ഒന്നാം നൂറ്റാണ്ടിൽതന്നെ അവർ ഇന്ത്യയിലെത്തിക്കഴിഞ്ഞിരുന്നു. പക്ഷേ, അവർ ഇന്ത്യയെ ആക്രമിക്കുകയല്ല, ഇന്ത്യയുടെ ഭാഗമായിമാറുകയാണ് ചെയ്തത്. ബ്രിട്ടീഷുകാർ വരുന്നതിന് മുമ്പ് വിവിധ മതക്കാരായ ഹിന്ദുക്കളും, മുസ്ലിങ്ങളും, ക്രിസ്ത്യാനികളുമെല്ലാം ഇന്ത്യാക്കാരാണെന്ന നിലയ്ക്കാണ് ജീവിച്ചിരുന്നത്. എല്ലാ മതവിശ്വാസികളും ഇന്ത്യയുടെ സാംസ്കാരിക ജീവിതത്തിൽ അലിഞ്ഞുചേരുകയാണുണ്ടായത്. ഇസ്ലാം മതക്കാർക്ക് പ്രത്യേക അവകാശങ്ങൾ അനുവദിച്ചുകൊടുത്ത മുഗൾരാജാക്കൻമാർ പോലും ഇന്ത്യക്കാരായിട്ടാണ് ഭരണം നടത്തിയത്. ‘ഇന്ത്യയെ കണ്ടെത്തൽ’ എന്ന തന്റെ സുപ്രസിദ്ധ ഗ്രന്ഥത്തിൽ ജവഹർലാൽ നെഹ്റു എഴുതുന്നു:

> ‘വടക്കുപടിഞ്ഞാറുനിന്ന് ഇന്ത്യയിലേക്കു വന്ന കൈയ്യേറ്റക്കാർ കൂടുതൽ പുരാതനങ്ങളായ കാലങ്ങളിൽവന്ന് അവരുടെ പൂർവ്വികൻമാരെപ്പോലെ തന്നെ ഇന്ത്യയിൽ ലയിച്ച് അവരുടെ ജീവിതത്തിന്റെ ഒരംശമായിത്തീർന്നു. അവരുടെ രാജവംശങ്ങൾ ഇന്ത്യൻ രാജവംശങ്ങളായി. സങ്കരവിവാഹങ്ങൾ മൂലം വളരെയേറെ വംശസങ്കരവും സംഭവിച്ചു... അവർ ഇന്ത്യയെ തങ്ങളുടെ ജൻമഭൂമിയായിക്കരുതി. അവർക്ക് മറ്റ് ബന്ധങ്ങളൊന്നുമുണ്ടായിരുന്നില്ല. ഇന്ത്യ ഒരു സ്വതന്ത്രരാജ്യമായി തുടർന്നുപോന്നു.’

ബ്രിട്ടീഷുകാരുടെ വരവ് ജീവസ്പർശിയായ ഒരു മാറ്റമുണ്ടാക്കിത്തീർത്തു; പല തരത്തിലും പഴയ വ്യവസ്ഥയുടെ കടപുഴക്കി... ബ്രിട്ടീഷുകാർ ഇന്ത്യയിൽ പുറംനാട്ടുകാരും അന്യരും പെരുത്തപ്പെടാത്തവരുമായി ശേഷിച്ചു; അങ്ങനെയല്ലാതാവാൻ അവരൊട്ടു ശ്രമിച്ചതുമില്ല. സർവ്വോപരി, ഇന്ത്യയുടെ ചരിത്രത്തിൽ ഇദംപ്രഥമായി, അവരുടെ രാഷ്ട്രീയനിയന്ത്രണം പുറംദിക്കിൽനിന്നായി; അവരുടെ സമ്പദ്വ്യവസ്ഥയുടെ കേന്ദ്രം ദൂരത്തൊരു സ്ഥലത്തുമായി; അവർ ഇന്ത്യയെ ആധുനികയുഗത്തിലെ ഒരു ശരിക്കുള്ള കോളനിയാക്കി — ഇന്ത്യയുടെ ദീർഘചരിത്രത്തിൽ ആദ്യമായിട്ട് അവർ ഒരു അധീനരാജ്യമായി.’

## 3 ഈ വ്യത്യാസത്തിനു കാരണമെന്താണ്?

ബ്രിട്ടീഷുകാർക്ക് മുമ്പ് ഇന്ത്യയെ ആക്രമിച്ചവരാരും തന്നെ ഇന്ത്യയിൽ നിലനിന്നിരുന്ന ഫ്യൂഡൽ ഉൽപ്പാദനരീതിയുടെ പ്രതിനിധികളായിരുന്നില്ല. സാമ്പത്തികമായി ഇന്ത്യയെക്കാൾ പിന്നണിയിലായ അപരിഷ്കൃതമോ അർദ്ധനാടുവാഴിത്തപരമോ ആയ പ്രദേശങ്ങളിൽ നിന്നാണവർ വന്നത്. അതിനാൽ ഇന്ത്യയെ ആക്രമിച്ച് കീഴടക്കിയവരെല്ലാം നിലവിലുള്ള സാമ്പത്തികാടിത്തറയെ മാറ്റിമറിക്കുകയല്ല, അതിനുവിധേയമായി സ്വന്തം ജീവിതം ക്രമപ്പെടുത്തുകയാണ് ചെയ്തത്. മാർക്സ് ചൂണ്ടിക്കാണിച്ചതുപോലെ 'അറബികൾ, തുർക്കിക്കാർ, തർത്താർമാർ, മുഗളൻമാർ ഇങ്ങനെ ഒരുകൂട്ടർക്കുശേഷം മറ്റൊരുകൂട്ടരായി ഇന്ത്യയെ ആക്രമിച്ചവരെല്ലാം അതിവേഗം ഇന്ത്യാക്കാരായി പരിണമിക്കുകയാണ് ഉണ്ടായത്. അപരിഷ്കൃതരായ ആക്രമണകാരികൾ ചരിത്രത്തിന്റെ ഒരു ശാശ്വത നിയമം കാരണം തങ്ങളാൽ കീഴടക്കപ്പെട്ടവരുടെ കൂടുതൽ ഉന്നതമായ സംസ്കാരത്താൽ സ്വയം കീഴടക്കപ്പെടുകയാണുണ്ടായത്.'

എന്നാൽ, ബ്രിട്ടീഷുകാരാകട്ടെ ഇന്ത്യയിൽ നിലവിലുണ്ടായിരുന്നതിനേക്കാൾ, കൂടുതൽ ഉയർന്ന ഉൽപ്പാദനരീതിയുടെ — മുതലാളിത്തോൽപ്പാദനരീതിയുടെ — പ്രതിനിധികളായിരുന്നു. അതുകൊണ്ടാണ് ഇന്ത്യയുടെ സാമ്പത്തികവ്യവസ്ഥയെ മാറ്റിമറിക്കാൻ അവർക്ക് സാധിച്ചത്. മാർക്സ് എഴുതുന്നു:

> 'ഇംഗ്ലണ്ടിന്, ഇന്ത്യയിൽ രണ്ടുതരത്തിലുള്ള കാര്യങ്ങൾ നിർവ്വഹിക്കാനുണ്ടായിരുന്നു. ഒന്ന് സംഹാരപരവും മറ്റൊന്ന് നിർമ്മാണപരവും. പഴയ ഏഷ്യാറ്റിക് സാമൂഹ്യവ്യവസ്ഥയെ നശിപ്പിക്കലും... പാശ്ചാത്യസമുദായത്തിന്റെ ഭൗതികാടിത്തറ കെട്ടിപ്പടുക്കലും. നാടൻ ഗ്രാമസമുദായ വ്യവസ്ഥയെ തട്ടിത്തകർത്തുകൊണ്ടും നാടൻവ്യവസായങ്ങളെ പിഴുതുകളഞ്ഞുകൊണ്ടും ബ്രിട്ടീഷുകാർ അതിനെ (ഇന്ത്യയിൽ നിലവിലുണ്ടായിരുന്ന സാമൂഹ്യവ്യവസ്ഥയെ) നശിപ്പിച്ചു...'

വീണ്ടും,

> 'ബ്രിട്ടീഷുകയ്യേറ്റക്കാരാണ്, ഇന്ത്യയിലെ കൈത്തറി വ്യവസായത്തെ തകർക്കുകയും നൂൽനൂൽപ്പ് യന്ത്രത്തെ നശിപ്പിക്കുകയും ചെയ്തത്. ബ്രിട്ടീഷ്‌വ്യവസ്ഥയും ബ്രിട്ടീഷ്‌സയൻസുമാണ് ഇന്ത്യയുടെ ഉപരിതലത്തിൽ നിന്നാകെ കൃഷിയും വ്യവസായവും തമ്മിലുണ്ടായിരുന്ന ഐക്യത്തെ പിഴുതുകളഞ്ഞത്.'

## 4 പഴയ വ്യവസ്ഥയുടെ തകർച്ച

എന്നാൽ ബ്രിട്ടീഷ് വിജേതാക്കൾ ആദ്യംമുതൽക്കുതന്നെ സംഹാരപരമായ കാര്യത്തിൽമാത്രമേ ശ്രദ്ധിച്ചുള്ളൂ. നിലവിലുണ്ടായിരുന്ന പഴയ വ്യാവസായികോൽപാദന ക്രമത്തേയും സാമൂഹ്യജീവിതത്തേയും പ്രോത്സാഹിപ്പിക്കാൻ അവർ ബലാൽകാരമായി നശിപ്പിച്ചു. പക്ഷേ, അതിന്റെ സ്ഥാനത്ത് ആധുനിക രീതിയിലുള്ള വ്യാവസായികോൽപാദനത്തേയും സാമൂഹിക ജീവിതത്തേയും പ്രോത്സാഹിപ്പിക്കാൻ അവർ ഇഷ്ടപ്പെട്ടില്ല. അതിന്റെ ഫലമായി ഇന്ത്യയുടെ സാമൂഹ്യവും സാമ്പത്തികവും സാംസ്കാരികവുമായ എല്ലാ രംഗങ്ങളിലും മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്ത നിശ്ചലതയും നിർജ്ജീവതയും പരന്നുപിടിക്കാൻ തുടങ്ങി.

ബ്രിട്ടീഷുകാർ വരുന്നതിന് മുമ്പ് ഗ്രാമസമുദായമായിരുന്നു ഇന്ത്യയുടെ അടിസ്ഥാന സാമ്പത്തിക ഘടകം. കൃഷിചെയ്തുണ്ടാക്കുന്ന വിളവിന്റെ നിശ്ചിതമായഭാഗം ഗ്രാമത്തലവൻ വഴിയായോ പഞ്ചായത്തു വഴിയായോ ഗവൺമെൻറിന്റെ ഖജനാവിലെത്തിച്ചേരും. ബ്രിട്ടീഷുകാർ വന്നപ്പോൾ ഈ സ്ഥിതിമാറി. ഭൂമിയിൽ വ്യക്തിപരമായ സ്വകാര്യസ്വത്തുടമബന്ധങ്ങളും അവയുടെ അടിസ്ഥാനത്തിലുള്ള നികുതിപിരിവു സമ്പ്രദായങ്ങളും ഏർപ്പെടുത്തപ്പെട്ടു. മുമ്പ് ഉൽപ്പന്നങ്ങളുടെ നിശ്ചിതമായ ഒരു ഭാഗമാണ് നികുതിയടയ്ക്കപ്പെട്ടിരുന്നത്. വിളവുമോശമായാൽ നികുതിയും ചുരുങ്ങും. അതിന്റെ സ്ഥാനത്ത് ഇപ്പോൾ കൊല്ലംതോറുമുണ്ടാകുന്ന വിളവ് എത്രയെന്ന് പരിഗണിക്കാതെതന്നെ നിശ്ചിതമായ ഒരു സംഖ്യ പണമായി അടയ്ക്കണമെന്ന നിയമം നടപ്പിൽവന്നു. പണത്തിന് വിഷമമുള്ളവർ തങ്ങളുടെ ഭൂമി പണയം വയ്ക്കാനോ വിൽക്കാനോ നിർബന്ധിതരായി. നിശ്ചിതമായ പണം നിശ്ചിതസമയത്ത് ഖജനാവിലടയ്ക്കാത്തവരുടെ നിലം പരസ്യമായി ലേലം ചെയ്തു വിൽക്കപ്പെടാൻ തുടങ്ങി. അങ്ങനെ നിലത്തിന്റെ കൈമാറ്റം വർദ്ധിച്ചു. സർ സെയ്യിദ് അഹമ്മദ് ഖാൻ 'ഇന്ത്യൻ ലഹളയുടെ കാരണങ്ങൾ' എന്ന തന്റെ പുസ്തകത്തിൽ എഴുതുന്നു:

> 'പഴയ കാലത്ത്, മുമ്പത്തെ ഭരണാധികാരികളുടെ കീഴിൽ ഭൂസ്വത്തവകാശങ്ങളുടെ കൊള്ളക്കൊടുക്കകളും പണയം വയ്ക്കലും ദാനം വഴിയുള്ള കൈമാറ്റങ്ങളും എല്ലാം തീർച്ചയായും നിലവിലുണ്ടായിരുന്നു; പക്ഷേ, വളരെക്കുറച്ചേ ഉണ്ടായിരുന്നുള്ളൂ. അതുതന്നെ കക്ഷികളുടെ സമ്മതത്തിന്റെയും ഇഷ്ടത്തിൻറേയും അടിസ്ഥാനത്തിലായിരുന്നതാനം. ബ്രിട്ടീഷുഭരണത്തിന്റെ ആരംഭകാലത്തിലാകട്ടെ ഭൂസ്വത്തുക്കളുടെ വിൽപ്പന, രാജ്യത്തെയാകെ കീഴ്മേൽ മറിക്കത്തക്കവിധം അത്രയധികം വർദ്ധിച്ചു.'

ഇങ്ങനെയാണ് ബ്രിട്ടീഷുകാർ ഗ്രാമസമുദായത്തിന്റെ അടിസ്ഥാനത്തിലുള്ള ഇന്ത്യയുടെ പരമ്പരാഗതമായ കാർഷികവ്യവസ്ഥയെ തകർത്തുകളഞ്ഞത്. ഈ തകർച്ചയുടെ ഫലമായി താലൂക്കദാർമാർ ജമീന്താർമാർ മുതലായവരുടെ മാത്രമല്ല, ഭൂരിപക്ഷക്കാരായ കൃഷിക്കാരുടെയും ജീവിതവിഷമതകൾ വർദ്ധിക്കാൻ തുടങ്ങി. കർഷകതൊഴിലാളികളുടെ എണ്ണം പെരുകിപ്പെരുകി വന്നു. കൈവേലക്കാർ അധഃപതിച്ചു. കടമിടപാടുകൾ, പാപ്പരത്തം, ഇടതടവില്ലാതെയുള്ള ക്ഷാമങ്ങൾ ഇങ്ങനെ സാമൂഹ്യജീവിതമാകെ തകർച്ചയിലേക്കു നീങ്ങാൻ തുടങ്ങി.

## 5 ഇംഗ്ലണ്ടിലെ വ്യവസായവിപ്ലവം

ബ്രിട്ടിഷുകാർ ഇന്ത്യയിൽ വന്നത് വെറും കച്ചവടത്തിനുവേണ്ടിയാണ്. ഇന്ത്യയിൽനിന്നു ചരക്കുകൾ വിലയ്ക്കു വാങ്ങി യൂറോപ്യൻ രാജ്യങ്ങളിൽ കൊണ്ടുപോയി വിറ്റഴിച്ചിട്ട് ലാഭമുണ്ടാക്കുകയെന്നതായിരുന്നു അവരുടെ പ്രഖ്യാപിതോദ്ദേശം. എന്നാൽ കച്ചവടത്തിന്റെ പേരിൽ നിർലജ്ജമായ കൊള്ളകളും കവർച്ചകളുമാണവർ നടത്തിയത്. അങ്ങനെയാണവർ കൊല്ലംതോറും വമ്പിച്ച തുകകൾ ഇംഗ്ലണ്ടിലേക്ക് കടത്തിക്കൊണ്ടിരുന്നത്. ഈ കൊള്ളകളുടെയും പിടിച്ചുപറികളുടെയും ദൂരവ്യാപകമായ ഫലങ്ങളെപ്പറ്റി ബ്രൂക്ക് ആദംസ് എഴുതിയ 'ദി ലാ ഓഫ് സിവിലൈസേഷൻ ആൻഡ് ഡിക്കേ' എന്ന പുസ്തകത്തിൽ നിന്നു ചില പ്രധാനഭാഗങ്ങൾ ജവഹർലാൽ നെഹ്റു ഉദ്ധരിക്കുന്നുണ്ട്. ആദംസ് എഴുതുകയാണ്:

> 'പ്ലാസി കഴിഞ്ഞ ഉടനെ തന്നെ ബംഗാളിലെ കൊള്ള മുതൽ ലണ്ടനിൽ എത്താൻ തുടങ്ങി. അതിന്റെ ഫലം പെട്ടെന്നാണുണ്ടായതെന്നു കാണുന്നു. എന്തുകൊണ്ടെന്നാൽ, വ്യവസായവിപ്ലവം 1770-ാം കൊല്ലത്തിൽ ആരംഭിച്ചു എന്ന സംഗതിയിൽ എല്ലാ പ്രാമാണികന്മാരും യോജിക്കുന്നുണ്ട്... 1757-ലാണ് പ്ലാസിയിലെ യുദ്ധം നടന്നത്.അതിനെത്തുടർന്നുണ്ടായ മാറ്റത്തിന്റെ വേഗത്തോടു തുല്യമായി മറ്റൊന്നും ഒരിക്കലും ഉണ്ടായിരുന്നിരിക്കുകയില്ല. 1760-ൽ 'ഫ്ളയിംഗ് ഷട്ട്ൽ' പ്രത്യക്ഷപ്പെട്ടു. ധാതുദ്രവീകരണത്തിൽ മരത്തിന്റെ സ്ഥാനത്ത് കൽക്കരി വരാൻ തുടങ്ങി. 1764-ൽ ഹാർഗ്രീവ്സ് 'സ്പിന്നിംഗ് ജെന്നി' കണ്ടുപിടിച്ചു. 1776-ൽ ക്രോംപ്ടൺ 'മ്യൂൾ' എന്ന നൂൽനൂൽപ്പ് യന്ത്രവിശേഷം കണ്ടുപിടിച്ചു. 1785-ൽ കാർട്രൈറ്റ് 'പവർലൂമി'ന്റെ പേറ്റൻറ് അവകാശം സ്ഥാപിച്ചു. 1768-ൽ വാട്ട് ആവിയന്ത്രം പൂർത്തിയാക്കി... ഈ യന്ത്രങ്ങളൊക്കെ അക്കാലത്തെ ഏറിയേറിവരുന്ന വേഗത്തോടുകൂടിയ ഗതിവിശേഷങ്ങൾക്ക് ബഹിർഗമനോപായങ്ങളായി ഉപയോഗിക്കപ്പെട്ടുവെങ്കിലും വേഗാധിക്യത്തിന്റെ ഹേതു അവയായിരുന്നില്ല. കണ്ടുപിടുത്തങ്ങൾ സ്വയമേവ നിഷ്ക്രിയങ്ങളാകുന്നു... അവയെ പ്രവർത്തകങ്ങളാക്കിത്തീർക്കുന്നതിന് വേണ്ടത്ര ശക്തിസംഭാരം സ്വരൂപിച്ചുകൂട്ടുവാൻ അവ കാത്തിരിക്കും. ആ സംഭാരം എപ്പോഴും പണത്തിന്റെ രൂപം അവലംബിച്ചേപറ്റൂ; അതും നിക്ഷേപമായി വച്ച പണമാകരുത്. ചലിച്ചുകൊണ്ടിരിക്കുന്ന പണം. ഇന്ത്യൻ സ്വർണ്ണത്തിന്റെ ഇങ്ങോട്ടുള്ള പ്രവാഹത്തിനും അതിനെത്തുടർന്നുണ്ടായ വിശ്വാസ്യതാവിപുലനത്തിനും മുമ്പ് ഈ ആവശ്യത്തിനുവേണ്ടത്ര ശക്തി നിലവിലുണ്ടായിരുന്നില്ല. ലോകത്തിന്റെ ആരംഭം മുതൽക്കിങ്ങോട്ട് യാതൊരു ധനനിക്ഷേപം കൊണ്ടും ഇന്ത്യൻ കൊള്ളമുതലിൽനിന്നു കൈവന്ന ആദായം ഉണ്ടായിട്ടില്ലെന്നു വരാവുന്നതാണ്.'

അപ്പോൾ ഇന്ത്യയുമായുള്ള കച്ചവടമാണ് ഇംഗ്ലണ്ടിലെ വ്യവസായ വിപ്ലവത്തിന് മുഖ്യമായ പ്രചോദനവും പ്രോത്സാഹനവും നൽകിയത്. വ്യവസായ വിപ്ലവമാകട്ടെ, ഇംഗ്ലണ്ടിലെ സാമൂഹ്യ-സാമ്പത്തിക രംഗങ്ങളിൽ അഭൂതപൂർവ്വമായ മാറ്റങ്ങളുണ്ടാക്കി. വ്യാപാരികളായ മുതലാളികളെ പിന്നോട്ട് തള്ളിമാറ്റിക്കൊണ്ട് വ്യാവസായിക മുതലാളികൾ ഒരു സുശക്തവർഗ്ഗമെന്ന നിലയ്ക്ക് മുന്നോട്ടുവന്നു. അതിന്റെ ഫലമായി ഇംഗ്ലണ്ടും ഇന്ത്യയും തമ്മിലുള്ള ബന്ധങ്ങളിലും മാറ്റങ്ങളുണ്ടായി.

## 6 ഇന്ത്യൻ വ്യവസായത്തിന്റെ തകർച്ച

ക്രിസ്തുബ്ദം പതിനെട്ടാം നൂറ്റാണ്ടിൽ ഇന്ത്യ പലതരത്തിലുള്ള സാമഗ്രികൾ മറുനാടുകളിലേക്ക് കയറ്റിഅയയ്ക്കുന്ന ഒരു രാജ്യമായിരുന്നു. ഇന്ത്യയുടെ മസ്ലിൻതുണികളും മറ്റു ഭംഗിയേറിയ തുണിത്തരങ്ങളും സുന്ദരങ്ങളായ കൈവേലത്തരങ്ങളും ലോകത്തെയാകെ ആകർഷിച്ചിരുന്നു. ഇംഗ്ലണ്ടിലെ വ്യാവസായികവിപ്ലവത്തിനുശേഷം സ്ഥിതി മാറി. ബ്രിട്ടീഷുകാർ പലതരത്തിലുള്ള സൂത്രങ്ങളും വൃത്തികേടുകളുമുപയോഗിച്ച് ഇന്ത്യൻ വ്യവസായത്തെ നശിപ്പിച്ചു. അതിനുവേണ്ടി അവരുപയോഗിച്ച മുഖ്യമായ മാർഗ്ഗങ്ങളെപ്പറ്റി മേജർ ബാബു 'ഇന്ത്യൻ വ്യവസായങ്ങളുടെ തകർച്ച' എന്ന തന്റെ പുസ്തകത്തിൽ ഇങ്ങനെ പ്രസ്താവിക്കുന്നു.

'ഇന്ത്യയിൽ രാഷ്ട്രീയ മേധാവിത്വം നേടിയതിനുശേഷം ബ്രിട്ടീഷുകാർ താഴെപ്പറയുന്ന പ്രധാനമാർഗ്ഗങ്ങളുപയോഗിച്ച് ഇന്ത്യൻ വ്യവസായങ്ങളെ നശിപ്പിച്ചു:

1. ബ്രിട്ടീഷ് സ്വതന്ത്രവ്യാപാരം ഇന്ത്യയുടെ മേൽ ബലാൽക്കാരമായി വെച്ചുകെട്ടൽ.
2. ഇന്ത്യൻ ചരക്കുകൾക്ക് ഇംഗ്ലണ്ടിൽ കനത്ത ചുങ്കങ്ങൾ ചുമത്തൽ.
3. ഇന്ത്യയിൽ നിന്ന് അസംസ്കൃത സാമഗ്രികൾ കയറ്റി അയയ്ക്കൽ.
4. കടുത്ത ചുങ്കങ്ങളും കടൽചുങ്കങ്ങളും.
5. ഇന്ത്യയിൽ ബ്രിട്ടീഷുകാർക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകൽ.
6. ഇന്ത്യയിൽ റെയിലുകൾ നിർമ്മിക്കൽ.
7. കച്ചവടരഹസ്യങ്ങൾ വെളിപ്പെടുത്താൻ ഇന്ത്യൻ കൈവേലക്കാരെ നിർബന്ധിക്കൽ.
8. പ്രദർശനങ്ങൾ സംഘടിപ്പിക്കൽ.'

ഈ നയത്തിന്റെ അർത്ഥമെന്താണെന്ന് ആർ. പാമ്ദത്ത് 'ഇന്ത്യ ഇന്നും നാളെയും' എന്ന തന്റെ പുസ്തകത്തിൽ കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് വ്യക്തമാക്കുന്നു.

> '1814 നും 1835 നും ഇടയിൽ ഇന്ത്യയിലേക്കുള്ള ബ്രിട്ടീഷ് പരുത്തിത്തുണികളുടെ കയറ്റുമതി 10 ലക്ഷത്തോളം വാരയിൽ നിന്നും 5 കോടി 10 ലക്ഷം വാരയിലധികമായി. അതേസമയത്ത് ഇന്ത്യയിൽ നിന്ന് ബ്രിട്ടനിലേക്കുള്ള പരുത്തിത്തുണിയുടെ കയറ്റുമതി പന്ത്രണ്ടര ലക്ഷം പീസിൽ നിന്ന് മൂന്നുലക്ഷത്തി ആറായിരം പീസായി കുറഞ്ഞു. 1844 ആയപ്പോഴേക്കും അത് വീണ്ടും 63,000 പീസായി കുറഞ്ഞു. നൂറ്റാണ്ടുകളായി ലോകത്തിലേക്ക് മുഴുവൻ പരുത്തിചരക്കുകൾ കയറ്റി അയച്ചുകൊണ്ടിരുന്ന ഇന്ത്യ 1850 ആയപ്പോഴേക്കും ബ്രിട്ടനിൽ നിന്ന് ഒട്ടാകെ കയറ്റി അയയ്ക്കുന്ന പരുത്തിചരക്കുകളുടെ നാലിൽ ഒരു ഭാഗം ഇറക്കുമതി ചെയ്യാൻ തുടങ്ങി.'

ഇങ്ങനെ ക്രമത്തിലവർ ഇന്ത്യയെ ബ്രിട്ടീഷ് വ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃതസാമഗ്രികൾ വിളയിക്കുന്ന തോട്ടവും ബ്രിട്ടീഷ് പട്ടാളത്തിന്റെ താവളവുമാക്കി മാറ്റി. കാർഷികരംഗത്തിൽ ഉപയോഗത്തിനുവേണ്ടിയുള്ള, ഉൽപാദനത്തിന്റെ സ്ഥാനത്ത് മാർക്കറ്റുകൾക്കുവേണ്ടിയുള്ള, വിശേഷിച്ചും മറുനാടൻ മാർക്കറ്റുകൾക്കുവേണ്ടിയുള്ള ഉൽപാദനവും ആരംഭിച്ചു. മെല്ലെമെല്ലെ ഫ്യൂഡൽ ഉൽപ്പാദനബന്ധങ്ങളുടെ സ്ഥാനത്ത് ചരക്കുൽപ്പാദനബന്ധങ്ങളും മുതലാളിത്തോൽപ്പാദനബന്ധങ്ങളും ആവിർഭവിക്കുവാൻ തുടങ്ങി.

## 7 മാറ്റം സർവ്വത്ര

ബ്രിട്ടീഷ് ഭരണം കൊണ്ട് കൈവേലക്കാർക്കുമാത്രമല്ല, കച്ചവടക്കാർക്കും ദോഷമാണുണ്ടായത്. ഇഷ്ടമുള്ളിടത്തുനിന്നു നേരിട്ടുചരക്കുകൾ വരുത്താൻ അവർക്കു സാധിക്കാതെയായി. അവർ ഈസ്റ്റിന്ത്യാക്കമ്പനിയുടെ ഏജൻറുമാർ മാത്രമായി. ഒരു വർഗ്ഗമെന്ന നിലയ്ക്ക് അവർ നാമാവശേഷമാകാൻ തുടങ്ങി.

ചുരുക്കിപ്പറഞ്ഞാൽ, നിലമുടമസ്ഥൻമാരായാലും ശരി, കൃഷിക്കാരനായിരുന്നാലും ശരി, കച്ചവടക്കാരനായാലും ശരി, കൈവേലക്കാരായാലും ശരി ഇന്ത്യയിലെ എല്ലാ ജനവിഭാഗങ്ങൾക്കും ബ്രിട്ടീഷ് ഭരണത്തിൻകീഴിൽ അധഃപതനമാണുണ്ടായത്. മതപരവും വംശസംബന്ധിയും വിദ്യാഭ്യാസപരവും നിയമപരവുമായ പക്ഷപാതങ്ങൾ ഈ സ്ഥിതിയെ കൂടുതൽ വഷളാക്കിത്തീർത്തു.

ഉയർന്ന ഉദ്യോഗങ്ങളിൽനിന്നെല്ലാം അവർ ഇന്ത്യക്കാരെ ഒഴിച്ചുനിർത്തുകയും അവർക്കുപകരം ബ്രിട്ടീഷുകാരായ ഉദ്യോഗസ്ഥൻമാരെ നിയമിക്കുകയും ചെയ്തു. അവരുടെ ദൃഷ്ടിയിൽ ഇന്ത്യാക്കാർ വെറും കൂലിക്കാരായി മാറി.

ഹിന്ദുമതത്തിനും ഇസ്ലാംമതത്തിനും എതിരായി അവർ ക്രിസ്തുമതത്തെ പൊക്കിപ്പിടിച്ചു. ഹിന്ദുക്കളുടെയും മുസ്ലീങ്ങളുടെയും മതവികാരങ്ങളെ വ്രണപ്പെടുത്താൻ അവർ പല നടപടികളും കൈക്കൊണ്ടു. ഇന്ത്യയെ ഒരു ക്രിസ്ത്യൻ രാജ്യമാക്കി മാറ്റുകയാണ് തങ്ങളുടെ ഉദ്ദേശ്യമെന്ന് കമ്പനിയുടെ ഡയറക്ടർബോർഡിന്റെ ചെയർമാൻ പരസ്യമായി പ്രഖ്യാപിച്ചു. അതിനുവേണ്ടി മിഷനറി പ്രവർത്തനങ്ങൾക്ക് അവർ പ്രോത്സാഹനവും ധനസഹായവും നൽകി. ബ്രിട്ടീഷു ഭരണം ഇന്ത്യയിലുറപ്പിക്കാൻ വേണ്ടി പട്ടാളക്കാരും ജഡ്ജിമാരും ഗവർണ്ണർമാരും മറ്റും ചെയ്യുന്നതിനേക്കാൾ കൂടുതൽ ഇന്ത്യയിലെ മിഷനറിമാരാണ് ചെയ്യുന്നത് എന്ന് ബോംബെയിലെ ഭരണാധികാരിയായ ലേർഡ് റി പ്രസ്താവിക്കുകയുണ്ടായി. 'ഇന്ത്യയിലെ ബ്രിട്ടീഷുഭരണത്തെ ന്യായീകരിക്കുന്ന മഹത്തായ പ്രസ്ഥാനത്തിന്റെ അനൗദ്യോഗികവും അംഗീകരിക്കപ്പെടാത്തതുമായ ഒരു ശാഖ'യാണ് മിഷനറി പ്രവർത്തനം എന്നാണ് ബംഗാളിലെ ഭരണാധികാരിയായ സർ ചാറൽസ് എലിയട്ട് പറഞ്ഞത്.

ഹിന്ദുക്കളും മുസ്ലീങ്ങളും വളരെ സൗഹാർദ്ദത്തോടുകൂടിയാണ് അക്കാലത്ത് ജീവിച്ചിരുന്നത്. 1835-ൽ ആഡാം എന്ന ഗ്രന്ഥകാരൻ ഇങ്ങനെ രേഖപ്പെടുത്തി:

> 'ഇവിടെ (ബംഗാളിൽ) ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിലുള്ള പരസ്പരബന്ധം പ്രാധാന്യമർഹിക്കുന്ന ഒരു സാമുദായിക പ്രശ്നമായിരുന്നിട്ടില്ല. പ്രാദേശികഭാഷയിലാണ് രണ്ടുകൂട്ടരും വിദ്യാഭ്യാസം നേടുന്നത്. വീർഭൂമിയിലും ബർദ്വാനിലും ഉള്ള ഹിന്ദുസ്കൂളുകളിൽ 13 മുസ്ലീം അധ്യാപകൻമാരുണ്ട്... മുസ്ലീം അധ്യാപകൻമാരുടെ കീഴിൽ മുസ്ലീം വിദ്യാർത്ഥികളെന്നപോലെതന്നെ ഹിന്ദുവിദ്യാർത്ഥികളുമുണ്ട്. ഹിന്ദു വിദ്യാർത്ഥികളും മുസ്ലീം വിദ്യാർത്ഥികളും ഒരേ സ്കൂളിൽ ഒരേ അധ്യാപകന്റെ കീഴിൽ വിദ്യ അഭ്യസിക്കുന്നു. ഒന്നിച്ചു കളിക്കുന്നു; ഒന്നിച്ചു നടക്കുന്നു...'

ഈ സ്ഥിതി മാറാൻ വേണ്ടിയാണ് ബ്രിട്ടീഷുകാർ ആദ്യം മുതൽക്കേ ബോധപൂർവ്വം ശ്രമിച്ചത്. ക്രിസ്തുമതം സ്വീകരിച്ചവർക്ക് ഉദ്യോഗക്കയറ്റങ്ങൾ നൽകി. ഉദാഹരണത്തിന്, ഹിന്ദു ശിപായിയോ, മുസ്ലീം ശിപായിയോ ക്രിസ്ത്യൻ ശിപായിയായി മാറിയാൽ ഹാവിൽദാരാക്കപ്പെട്ടു. ഹാവിൽദാരാണ് മതംമാറിയതെങ്കിൽ സുബേദാരാവും. മിഷനറി പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം തന്നെ ഇന്ത്യയിലെ പഴയ അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ജാതിവിഭജനത്തേയും നിലനിർത്താൻ പറ്റിയ ഒരു നിയമവ്യവസ്ഥ അവർ നടപ്പിൽവരുത്തി. കോടതികളിൽ ഹിന്ദുക്കൾക്ക് ഹിന്ദുനിയമങ്ങളും മുസ്ലീങ്ങൾക്ക് മുസ്ലീം നിയമങ്ങളും അവർ നിലനിർത്തി. നിലവിലുള്ള പഴകിയ, ജീർണ്ണിച്ച സാമൂഹ്യവ്യവസ്ഥയുടെ ആചാരങ്ങൾക്ക് അവർ നിയമപ്രാബല്യം നൽകി. 'നമ്മുടെ കോടതികളും നമ്മുടെ നിയമനിർമ്മാണവും നിലവിലുള്ള ആചാരങ്ങളെ പൂർണ്ണമായും അംഗീകരിക്കുന്നു.' എന്ന് സുപ്രസിദ്ധ നിയമശാസ്ത്രജ്ഞനായ ജെ.സി., 'ഹിന്ദുനിയമത്തെ' പറ്റിയുള്ള തന്റെ ഗ്രന്ഥത്തിൽ പ്രസ്താവിക്കുന്നു.

നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തെ അവർ മാറ്റിമറിച്ചു; ഇംഗ്ലീഷ്ഭാഷയ്ക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് തങ്ങളുടെ ഭരണവ്യവസ്ഥയ്ക്ക് ആവശ്യമായ ഉദ്യോഗസ്ഥൻമാരെ സൃഷ്ടിക്കുന്ന പുതിയൊരു വിദ്യാഭ്യാസ സമ്പ്രദായം ഏർപ്പെടുത്തി. ഇന്ത്യയുടെ ദേശീയ ഭാഷകളുടേയും സാഹിത്യങ്ങളുടേയും വളർച്ചയെ അവർ ബലാൽക്കാരമായി തടഞ്ഞുനിർത്തി.

ഇതിന്റെയെല്ലാം ഫലമായി സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ എല്ലാ രംഗങ്ങളിലും മാന്ദ്യവും അധഃപതനവും നടമാടാൻ തുടങ്ങി.

എന്നാൽ, അപമാനകരവും ആപൽക്കരവുമായ ഈ പരിതഃസ്ഥിതിയെ ഏറെക്കാലം വെച്ചുപൊറുപ്പിക്കാൻ ഇന്ത്യയിലെ ജനങ്ങൾ തയ്യാറുണ്ടായിരുന്നില്ല. അവരുടെ ഇടയിൽ ബ്രിട്ടീഷ് ഭരണത്തിനെതിരായ അസംതൃപ്തിയും വെറുപ്പും നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടുവന്നു. മെല്ലെമെല്ലെ അവർ സമരത്തിലേക്കു നീങ്ങി. □

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 4

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. മണ്ണിനടിയിലെ അത്ഭുതങ്ങൾ
2. ആര്യന്മാരുടെ വിജയം
3. പ്രാചീനേന്ത്യയുടെ സാമൂഹ്യ-രാഷ്ട്രീയ പരിവർത്തനങ്ങൾ
4. തത്വചിന്തയുടെ ആരംഭം
5. ആസ്തികരും നാസ്തികരും
6. ലോകായതദർശനം
7. സാംഖ്യദർശനം
8. യോഗദർശനം
9. വൈശേഷികദർശനം
10. ന്യായദർശനം
11. മീമാംസ
12. ജൈന-ബുദ്ധമതങ്ങളുടെ പശ്ചാത്തലം
13. ജൈനദർശനം
14. ബൗദ്ധദർശനം
15. ബൗദ്ധദർശനത്തിന്റെ വളർച്ചയും അധഃപതനവും
16. പ്രാചീനേന്ത്യയിലെ സാഹിത്യവും കലയും ശാസ്ത്രവും
17. ഇന്ത്യയിലെ ഫ്യൂഡലിസം
18. ഹിന്ദുമതം
19. ശങ്കരാചാര്യരുടെ അദ്വൈതവാദം
20. വിശിഷ്ടാദ്വൈതവും ദ്വൈതവും
21. ഫ്യൂഡൽ വ്യവസ്ഥയിൽ പുതിയ സാമൂഹ്യശക്തികൾ
22. ഭക്തിപ്രസ്ഥാനം
23. ബ്രിട്ടീഷ് ഭരണം
24. ആയിരത്തെണ്ണൂറ്റി അമ്പത്തിയേഴ്
25. ദേശീയ നവോത്ഥാനത്തിന്റെ മതപരിഷ്കരണ പ്രസ്ഥാനങ്ങൾ
26. സ്വാമി വിവേകാനന്ദൻ
27. ശ്രീ നാരായണ ഗുരു
28. ദേശീയപ്രസ്ഥാനത്തിന്റെ മുന്നേറ്റം
29. ലോകമാന്യതിലകനും അരവിന്ദഘോഷും
30. രവീന്ദ്രനാഥ ടാഗോർ
31. മഹാത്മാഗാന്ധി
32. ദാർശനികരംഗത്തെ വൈരുദ്ധ്യങ്ങൾ
33. പുതിയൊരു തത്വശാസ്ത്രത്തിലേക്ക്


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10